File No.LSGD-DC1/71/2020-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം-ഡി.സി.1/71/2020/തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡി.സി.) വകുപ്പ്
തിരുവനന്തപുരം,
തീയതി: 27/03/2020

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്ത് കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിലേക്കായി ഹോം ഐസൊലേഷനിൽ ഉള്ളവരുടെ വിവര ശേഖരണം സംബന്ധിച്ച് - സംബന്ധിച്ച് .

സൂചന:- 1. 01/02/2020-ലെ ഡി.സി.1/71/2020/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ.

2. 14/03/2020-ലെ സ.ഉ.(സാധാ.)നം.620/2020/ത.സ്വ.ഭ.വ.

3. 20/03/2020-ലെ സ.ഉ.(സാധാ.)നം.686/2020/ത.സ്വ.ഭ.വ.

4. 20/03/2020-ലെ സ.ഉ.(കൈ.)നം.55/2020/ത.സ്വ.ഭ.വ.

2. 24/03/2020-ലെ സ.ഉ.(സാധാ.)നം.710/2020/ത.സ്വ.ഭ.വ.

സംസ്ഥാനത്ത് കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായും പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് പരാമർശം 1, 2, 4 & 5 പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഹോം ഐസൊലേഷനിൽ ഉള്ളവരെ നിരീക്ഷിക്കുന്നതിനായി വാർഡ്തല കമ്മിറ്റികൾ ഫീൽഡ് വിസിറ്റുകൾ നടത്തി വരികയാണ്. ഈ സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിലേക്കായി ഹോം ഐസൊലേഷനിൽ ഉള്ളവരുടെ വിവര ശേഖരണം സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. ഹോം ഐസൊലേഷനിൽ ഉള്ളവരെ നിരീക്ഷിക്കുന്നതിനായി വാർഡ്തല കമ്മിറ്റികൾ നടത്തുന്ന ഫീൽഡ് വിസിറ്റ് റിപ്പോർട്ടുകൾ ദിനംപ്രതി അപ്ഡേറ്റ് ചെയ്യേണ്ടതുണ്ട്. അതിനാൽ അനുബന്ധമായി ചേർത്തിട്ടുള്ള പ്രോഫോർമയിൽ തന്നെ ഫീൽഡ് വിസിറ്റ് നടത്തി വിവരങ്ങൾ ശേഖരിക്കേണ്ടതാണ്.
2. പ്രോഫോർമയിലെ എല്ലാ കോളങ്ങളിലും നിർബ്ബന്ധമായും എൻട്രി വരുത്തണം.
3. ഫീൽഡ് വിസിറ്റിലൂടെ ശേഖരിക്കുന്ന ഡേറ്റാ റിക്കോർഡ് ചെയ്യുന്നതിനായി വാർഡ്തല കമ്മിറ്റി ഒരാളെ തെരഞ്ഞെടുത്ത് അതിനായി ചുമതലപ്പെടുത്തണം.
4. ഇപ്രകാരം ശേഖരിക്കുന്ന വിവരങ്ങൾ ഹോം വിസിറ്റ് ആപ്ലിക്കേഷനിൽ *url http://kerala-field-covid.sprinklr.com* മുഖേന തത്സമയം (മൊബൈൽ ഫോണിന് റേഞ്ച് ഇല്ലെങ്കിൽ റേഞ്ച് ഉള്ള സ്ഥലത്ത് എത്തിയാലുടൻ) അപ് ലോഡ് ചെയ്യണം.

5. ദിവസേന പ്രസ്തുത റിപ്പോർട്ടിംഗ് ഫോർമാറ്റിൽ തന്നെ ഡാറ്റാ ശേഖരിക്കേണ്ടതും ഹോം വിസിറ്റ് ആപ്ലിക്കേഷനിൽ അപ് ലോഡ് ചെയ്യേണ്ടതുമാണ്.

ഉത്തരവിൻ പ്രകാരം,

R S KANNAN
SPECIAL SECRETARY

സെക്ഷൻ ഓഫീസർ.

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും

എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ, മുഖേന)

അനുബന്ധം

| | |
|---|---|
| 1. സമ്പർക്ക വിലക്കിലോ / സമ്പർക്ക നിയന്ത്രണത്തിലോ ഉള്ള വ്യക്തിയുടെ പേര് | |
| 2. പ്രായം | |
| 3. ജില്ല | |
| 4. പഞ്ചായത്ത് | |
| 5. വാർഡ് | |
| 6. വിദേശ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ടോ | |
| 7. ഉണ്ടെങ്കിൽ എവിടെയൊക്കെ പോയി | |
| 8. രോഗലക്ഷണങ്ങൾ എന്തെകിലും പ്രകടമായിട്ടുണ്ടോ | |
| 9. ഉണ്ടെങ്കിൽ ഏതൊക്കെ | പനി ☐<br>ചുമ ☐<br>തൊണ്ടവേദന ☐<br>ജലദോഷം ☐<br>ശ്വാസതടസ്സം☐<br>വയറിളക്കം ☐ |
| 10. വയോജനങ്ങൾ വീട്ടിലുണ്ടോ | |
| 11. ഏതൊക്കെ രോഗങ്ങൾക്ക് ചികിത്സ എടുക്കുന്നു | പ്രമേഹം☐<br>രക്താദിമർദ്ദം ☐<br>ഹൃദ്രോഗം☐<br>സ്ട്രോക്ക് ☐<br>വൃക്ക രോഗങ്ങൾ-ഡയാലിസിസ് ☐<br>അർബുദം☐<br>ശ്വാസകോശ രോഗങ്ങൾ ☐ |

| | |
|---|---|
| | തൈറോയിഡ് രോഗങ്ങൾ ☐<br>കിടപ്പുരോഗികൾ ☐ |
| 12. ചികിത്സ തുടരുന്നുണ്ടോ | |
| 13. മരുന്നുകൾ ലഭ്യമാണോ | |
| 14. ജലദോഷ പനിയുടെ ലക്ഷണം ഉള്ളവർ വീട്ടിലുണ്ടോ | |
| 15. ഉണ്ടെങ്കിൽ എത്ര പേർ | |
| 16. അയൽവീട്ടിൽ ജലദോഷ പനിയുടെ ലക്ഷണം ഉള്ളവർ ഉണ്ടോ | |
| 17. ഉണ്ടെങ്കിൽ എത്ര പേർ | |
| 18. പൊതു സ്ഥലങ്ങൾ/ യാത്രകൾ / പരിപാടികൾ എന്നിവയിൽ ഏർപ്പെട്ടിടുണ്ടോ? | |
| 19. ഉണ്ടെങ്കിൽ എവിടെയൊക്കെ പോയി/ ഏതൊക്കെ പരിപാടിയിൽ പങ്കെടുത്തു ? | |
| 20. കഴിഞ്ഞ ഒരുമാസത്തിൽ ഈ പ്രദേശത്ത് മറ്റെന്തെങ്കിലും അസാധാരണ ശ്വാസകോശ രോഗാവസ്ഥ കാരണം :- | |
| 1. ആശുപത്രിയിൽ ആയവർ ഉണ്ടോ | |
| 2. മരണപ്പെട്ടവർ ഉണ്ടോ | |
| 21. അടുത്ത് ഇടപഴകിയ വരുടെ വിവരങ്ങൾ പങ്കുവയ്ക്കുക | |

| ക്രമ നമ്പർ | പേര് | ജില്ല | പഞ്ചായത്ത് | ഫോൺ നമ്പർ |
|---|---|---|---|---|

<table>
<tr><td></td><td></td><td></td><td></td><td></td></tr>
<tr><td></td><td></td><td></td><td></td><td></td></tr>
<tr><td colspan="4">22.തദ്ദേശ ഭരണ സ്ഥാപനം ഭക്ഷണം ലഭ്യമാക്കിയിട്ടുണ്ടോ?</td><td></td></tr>
<tr><td colspan="4">23. സമ്പർക്ക വിലക്ക് / സമ്പർക്ക നിയന്ത്രണം എന്നിവയുമായി ബന്ധപ്പെട്ട നിർദേശങ്ങൾ പാലിക്കുന്നുണ്ടോ ?</td><td></td></tr>
<tr><td colspan="4">24. കൗൺസിലിംഗ് നൽകിയിട്ടുണ്ടോ?</td><td></td></tr>
</table>